ഉത്തരം

(എ) ചെറുകിട-സായാഹ്ന പത്രങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് നിയോഗിച്ച അശോകൻ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) അശോകൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

സർക്കാർ പ്രസിദ്ധീകരണങ്ങൾ

147 (1458) ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സർക്കാർ നേരിട്ട് പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ വകുപ്പ് തിരിച്ചുള്ള പേരുവിവരം വ്യക്തമാക്കുമോ ;

(സി) ഈ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി ആർക്കൊക്കെ വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മാസികയായി മലയാളത്തിൽ ജനപഥവും, ഇംഗ്ലീഷിൽ, 'കേരള കാളിംഗ്'-ഉം പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ മാസത്തിലൊരിക്കൽ മലയാളത്തിൽ 'വികസന സമന്വയം' എന്ന പേരിലും, ഇംഗ്ലീഷിൽ 'കേരള ഇന്റർ ഫെയ്സ്, എന്ന പേരിലും 2 ന്യൂസ് ലെറ്ററുകളും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിന് പുറമേ 2003 ജനുവരി മുതൽ പ്രധാന ഇംഗ്ലീഷ് പത്ര-മാസികകളിലെ സാമ്പത്തിക വാർത്താലേഖനങ്ങൾ ശേഖരിച്ച് 'ഇക്കണോമിക് ന്യൂസ് ഡൈജസ്റ്റ്' എന്ന പേരിൽ ഒരു ദൈവാരികയും പ്രസിദ്ധീകരിക്കുന്നു. മറ്റുവകുപ്പുകളുടെ പ്രസിദ്ധീകരണങ്ങളെ കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പി.ആർ.ഡി.യിലെ താൽക്കാലിക ജീവനക്കാർ

148 (1459) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ആർ.ഡി. യിൽ ഇപ്പോൾ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly